പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 967 — 05/03/2018 -ൽ മറുപടിയ്ക്ക്

## ഹൈസ്കൂൾതലത്തിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി<br>,, വി. കെ. ഇബ്രാഹിം കുഞ്ഞ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) ഹൈസ്കൂൾതലത്തിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് ഉയർന്നു വരുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമെന്തെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(എ) ഉണ്ട്. എന്നിരുന്നാലും 2015-16,2016-17 എന്നീ അധ്യയന വർഷങ്ങളിലെ ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് താരതമ്യം ചെയ്യുമ്പോൾ കൊഴിഞ്ഞ് പോക്ക് നിരക്ക കുറയുന്നതായി കാണുന്നു. വിശദമായ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | 2015-16 | 2016-17 |
| --- | --- | --- |
| ഹൈസ്കൂൾ വിഭാഗത്തിലെ ആകെ കുട്ടികൾ | 1364621 | 1325240 |
| കൊഴിഞ്ഞു പോയ കുട്ടികൾ | 4503 | 4266 |
| കൊഴിഞ്ഞു പോക്കിന്റെ ശതമാനം | 0.33% | 0.32% |

(ബി) ഇത്തരത്തിൽ കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരം വിദ്യാർത്ഥികളെ സ്കൂളുകളിൽ തിരികെയെത്തിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) 2017-18 അധ്യയന വർഷവും, 2016-17 അധ്യയന വർഷത്തിലും കൊഴിഞ്ഞു പോയ കുട്ടികളിൽ, വയനാട് ജില്ലയിൽ നിന്നുള്ള 100% കുട്ടികളെയും മറ്റു ജില്ലകളിൽ നിന്നുള്ള 10% കുട്ടികളുടെയും വീടുകൾ സന്ദർശിച്ച് കൊഴിഞ്ഞു പോക്കിന്റെ കാരണങ്ങളെക്കുറിച്ച മനസ്സിലാക്കുവാനും, പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമായി പൊതുവിദ്യാ വകുപ്പ് ഒരു പഠനം നടത്തുകയുണ്ടായി. കൂടാതെ എസ്.എസ്.എ മുതലായ നിരവധി സ്ഥാപനങ്ങൾ കൊഴിഞ്ഞു

| | | | |
|---|---|---|---|
| | | | പോയ കുട്ടികളെ തിരികെ എത്തിക്കുവാൻ വേണ്ടി പ്രവർത്തിക്കുന്നു. |
| (സി) | സ്കൂളുകളിലെ വിവിധ തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോകൽ നിരക്ക് കുറയ്ക്കുന്നതിനും വിദ്യാർത്ഥികളെ സ്കൂളുകളിൽ തിരകെ യെത്തിക്കുന്നതിനും പ്രത്യേക പരി ഗണന നൽകുമോ? | (സി) | സ്കൂളുകളിലെ വിവിധ തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോകൽ നിരക്ക് കുറയ്ക്കുന്നതിനും വിദ്യാർത്ഥികളെ സ്കൂളുകളിൽ തിരകെയെത്തിക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ